THURSDAY 11-05-2023 വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–11/05/2023.

1. മൂല്യവർധിത കാർഷികോൽപന്നങ്ങൾ കൃഷിവകുപ്പിന്റെ കേരളാഗ്രോ ബ്രാൻഡിൽ ഇന്ത്യയിലുടനീളം ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഓൺലൈൻ സൈറ്റുകളിലൂടെ വിപണനം ആരംഭിച്ചു. സുഗന്ധവ്യഞ്ജനങ്ങൾ, അരി, കാപ്പിപ്പൊടി, തേൻ, ശർക്കര, പാഷൻ ഫ്രൂട്ട് സ്ക്വാഷ്, വെളിച്ചെണ്ണ, മഞ്ഞൾപ്പൊടി, മൂല്യവർധിത ഉൽപന്നങ്ങൾ, ജൈവവളം, കംപോസ്റ്റ്, ജൈവകീടനാശിനികൾ, ജൈവപോഷകങ്ങൾ, വിത്തുകൾ, തൈകൾ, ഗ്രാഫ്റ്റുകൾ ലെയറുകൾ, പഞ്ചഗവ്യം, കുണപജലം, വെർമിവാഷ്, അമിനോഫിഷ് തുടങ്ങിയവ ലഭ്യമാകും.

2. ദേശീയ ജന്തു രോഗ നിയന്ത്രണ പദ്ധതി (NADCP) യുടെ ഭാഗമായി ബ്രൂസെല്ല കൺട്രോൾ പ്രോഗ്രാം (BCP) നടപ്പിലാക്കുന്നതിലേക്ക് തിരുവനന്തപുരം ജില്ലയിലെ 4 മുതൽ 8 മാസം വരെ പ്രായമുള്ള പശുക്കിടാങ്ങളിൽ ബ്രൂസെല്ല രോഗ പ്രതിരോധ കുത്തിവെയ്പ്പ് 2023 മെയ് മാസം 15 മുതൽ 19 വരെ നടത്തുന്നു. കുത്തിവെയ്പ്പ് തികച്ചും സൗജന്യമാണ്.പശുക്കളിൽ വന്ധ്യത, ഗർഭഛിദ്രം, മറുപിള്ള വീഴാതിരിക്കൽ എന്നിവക്ക് കാരണമാകുന്ന ഈ രോഗം മനുഷ്യരിലും മാരകമായ രോഗം വരുത്തുവാൻ (ZOONOTIC) ഇടയാകാറുള്ളതിനാൽ രോഗ പ്രതിരോധം വളരെയേറെ പ്രധാനമാണ്. ആയതിനാൽ ക്ഷീര സഹകരണ സംഘങ്ങളുമായി ചേർന്ന് മൃഗാശുപത്രികൾ സംഘടിപ്പിക്കുന്ന രോഗ പ്രതിരോധ കുത്തിവെയ്പ്പ് ക്യാമ്പുകളിൽ പശുക്കുട്ടികളെ എത്തിച്ചു രോഗ പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കേണ്ടതാണ്. കുത്തിവെയ്പ്പിന് പശുക്കുട്ടിയുടെ ജീവിത കാലമത്രയും വേണ്ടുന്ന പ്രതിരോധ ശേഷി നൽകുവാൻ സാധിക്കുന്നതാണ്.

3. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 25 മെട്രിക് ടൺ വരെ ഉള്ളി സംഭരിച്ച് വയ്ക്കുന്നതിനുള്ള 'ഒണിയൻ സ്റ്റോറേജ് സ്ട്രക്ചർ' നിർമ്മിക്കുന്നതിന് യൂണിറ്റൊന്നിന് ചെലവിന്റെ 50% പരമാവധി 87500/- രൂപ ധനസഹായം നൽകുന്നു. കർഷകർ, കൂട്ടായ്മകൾ, സംരംഭകർ, കച്ചവടക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം, എന്ന

മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.

4. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിടക്കോഴിക്കുഞ്ഞുങ്ങളെ 25 രൂപ നിരക്കിലും പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിലും എല്ലാ ചൊവ്വ ,വെള്ളി ദിവസങ്ങളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. താൽപ്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ **0471–2730804** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

5. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും കോമാടൻ, WCT, എന്നീ ഇനം തെങ്ങിൻ തൈകൾ വിപണനത്തിന് ലഭ്യമാണ്. കോമാടൻ -130 രൂപ, WCT (West Cost Tall) -110 രൂപ, എന്നീ നിരക്കിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെ തൈകൾ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് -**04712383572** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഇന്ന് (11.05.2023 വ്യാഴാഴ്ച്ച) രാവിലെ 10 മണിക്ക് "ചെറുധാന്യങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ" എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആട് വളർത്തൽ എന്ന വിഷയത്തിൽ ഈ മാസം 12 ന് (12.05.2023) രാവിലെ 10 മുതൽ 4 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 9188522713, 0491–2815454 എന്ന നമ്പരിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കോണ്ടുവരേണ്ടതാണ്.

കാർഷിക **നിർദ്ദേശങ്ങൾ –**

8. പച്ചക്കറി തൈകൾ നടുന്നതിനുള്ള കൃഷിസ്ഥലങ്ങൾ ഒരുക്കുമ്പോൾ ഒരു സെന്റിന് 2 കിലോ എന്ന തോതിൽ കുമ്മായം മണ്ണിൽ ചേർത്ത് കൊടുക്കാവുന്നതാണ്. നഴ്സറി തൈകളിൽ 10ഗ്രാം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കാവുന്നതാണ്. തൈകൾ നടുന്നതിനോപ്പം മണ്ണിൽ വേപ്പിൻ പിണ്ണാക്ക് ചേർത്ത് കൊടുക്കുന്നത് വിളകളെ കീട-രോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നു. ജല സംരക്ഷണത്തിനായി പച്ചക്കറികളിൽ തിരിനന, തുള്ളിനന എന്നിവ അവലംബിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം